## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 292 | 20.06.2018 ൽ മറുപടിക്ക്

### സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.എം. നൗഷാദ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും, മുൻകരുതലുകൾ എടുക്കുന്നതിനും, ബോധവൽക്കരണം നൽകുന്നതിനുമായി കേരളാ പോലീസ് ശക്തമായ നടപടികളാണ് സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ സെൽ, ഹൈ-ടെക്ക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖാന്തിരം സ്വീകരിച്ചുവരുന്നത്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ തടയലുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 649 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകൾ, സംസ്ഥാന പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈ-ടെക്ക് ക്രൈം എൻക്വയറി സെല്ലും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സൈബർ പോലീസ് സ്റ്റേഷന് നൽകിവരുന്നുണ്ട്. |

സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, അപകീർത്തിപ്പെടുത്തൽ, ഓൺലൈൻ തട്ടിപ്പ്, സൈബർ ഹാക്കിംഗ്, റാൻസംവെയർ അറ്റാക്ക് എന്നീ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സൈബർ വിദഗ്ധരുടെ സഹായത്തോടുകൂടി സൈബർ ഡോമിന്റെ കീഴിൽ സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17/04/2018 തീയതിയിലെ സ.ഉ.(കൈ) നം.68/2018/ആഭ്യ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് ഔദ്യോഗിക വെബ്സൈറ്റ്, ഫെയ്സ്ബുക്ക് പേജ് എന്നിവയിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മുന്നറിയിപ്പുകളും നൽകിവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിലും, പൊതു ജനങ്ങൾക്കിടയിലും സൈബർ സെല്ലിന്റെയും, ജനമൈത്രി പോലീസിന്റെയും സഹായത്തോടെ വിപുലമായ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്.

| | |
|---|---|
| (ബി) ബ്ലൂ വെയ്ൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത നടപടികൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രശംസ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ബ്ലൂ വെയ്ൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി കേരള പോലീസ് സൈബർ ഡോം നവ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പോസ്റ്ററുകളും വീഡിയോകളും പ്രചരിപ്പിക്കുന്നുണ്ട്. സൈബർ ഡോം സ്വീകരിച്ച നടപടിക്ക് കേന്ദ്ര ആഭ്യന്തരവകുപ്പിന്റെ പ്രശംസ ലഭിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിലും വിവിധ സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിലും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. |

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ചും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നത് സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ കുറിച്ചും, ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവയുടെ ഉപയോഗത്തിൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, മറ്റ് പൊതുജനതാൽപര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സോഷ്യൽ മീഡിയ വഴിയും പ്രദർശന സ്റ്റാളുകൾ വഴിയും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻഡോർ പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. പോലീസ് വകുപ്പിലെ സൈബർ സെൽ ഉദ്യോഗസ്ഥരും പുറമെ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളുമാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഇതിനു പുറമെ സംസ്ഥാന ഐ.റ്റി മിഷനുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത 10 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കൂളുകൾ മുഖേന വിവര സാങ്കേതികവിദ്യയെ സംബന്ധിച്ച് അടിസ്ഥാന പരിശീലനം പൊതുജനങ്ങൾക്ക് നൽകിവരുന്നു. സൈബർ ലോകത്തെ ചതിക്കുഴികളെ കുറിച്ച് കുട്ടികളെയും, അധ്യാപകരെയും, രക്ഷിതാക്കളെയും ബോധവാൻമാരാക്കുന്ന തിനുവേണ്ടി കിഡ്സ് ഗ്ലോവ് എന്ന സൈബർ സുരക്ഷ ബോധവൽക്കരണ പ്രോഗ്രാമും സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു.

(ഡി) സൈബർ സുരക്ഷക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളും പാലിക്കേണ്ട സെക്യൂരിറ്റി മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും കൃത്യമായി പാലിക്കുന്നതിനുള്ള ഐ.എസ്.ഒ. അംഗീകാരം സൈബർ ഡോമിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ഇന്റർനാഷണൽ സ്റ്റാന്റേർഡായ ISO:27001:2013 അംഗീകാരം 2017-ൽ സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർട്ടിഫിക്കേഷൻ നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ലോ എൻഫോഴ്സ്മെന്റ് ഏജൻസിയാണ് കേരളാ സൈബർ ഡോം.

സെക്ഷൻ ഓഫീസർ